ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08-04-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ വിധിയെഴുത്തിന് ഇനി മണിക്കൂറുകൾ മാത്രം. വോട്ടെടുപ്പിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. പോളിംഗ് നാളെ രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് വരെ.

**Kerala is just hours away from Assembly Election polling. All arrangements for polling have been completed. Voting will be held tomorrow from 7 a.m. to 6 p.m.**

2.) തിരഞ്ഞെടുപ്പ് പ്രചാരണ സമയത്തിന് ശേഷവും ഓൺലൈൻ വഴി പരസ്യങ്ങൾ നൽകുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ.

**Chief Electoral Officer Rathan U. Kelkar has said that legal action will be taken against those who publish advertisements online even after the election campaign period ends.**

3.) റിപ്പോ നിരക്കുകളിൽ മാറ്റം വരുത്താതെ ദ്വൈമാസ ധനനയം പ്രഖ്യാപിച്ച് റിസർവ് ബാങ്ക്. ജിഡിപി നിരക്ക് 6.9 ശതമാനമാകുമെന്ന് വിലയിരുത്തൽ.

**RBI keeps repo rate unchanged; Projects India's real GDP growth for current fiscal at 6.9 percent.**

4.) അമേരിക്ക - ഇറാൻ വെടിനിർത്തൽ പ്രഖ്യാപനത്തെ സ്വാഗതം ചെയ്ത് ഇന്ത്യ. പ്രഖ്യാപനത്തിന് പിന്നാലെ ആഗോള വിപണിയിൽ എണ്ണവില ഇടിഞ്ഞു.

**India welcomes ceasefire between US and Iran. Following the announcement, global oil prices declined.**

5.) വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിൻറെ മൗറീഷ്യസ്-യുഎഇ ഔദ്യോഗിക സന്ദർശനത്തിന് നാളെ തുടക്കം.

**External Affairs Minister Dr. S. Jaishankar will be on a official visit to Mauritius and UAE from tomorrow.**

&&&&&&&&&&&&&&&&&

## Kerala Election (INTRO)

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. നാളെ രാവിലെ 7 മണിക്ക് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകുന്നേരം ആറ് മണി വരെ നീളും.

വിശദാംശങ്ങളിലേക്ക്........

(വോയിസ്)

16 -ാം നിയമസഭയിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ഇത്തവണ 140 മണ്ഡലങ്ങളിലായി 883 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 2.71 കോടി വോട്ടർമാരാണ് സംസ്ഥാനത്തുള്ളത്. 2,040 പ്രശ്നബാധിത ബൂത്തുകൾ ഉൾപ്പെടെ 30,495 പോളിങ്ങ് ബൂത്തുകളാണ് സജ്ജമാക്കുന്നത്. പോളിങ്ങ് ഉദ്യോഗസ്ഥർ വിതരണ കേന്ദ്രങ്ങളിലെത്തി വോട്ടിങ്ങ് യന്ത്രങ്ങളും, വിവിപാറ്റ് മെഷീനുകളും, അനുബന്ധ സാമഗ്രികളും ഏറ്റുവാങ്ങി. പൂർണമായും ഹരിതചട്ടം പാലിച്ചായിരിക്കും വോട്ടെടുപ്പ്. കേന്ദ്ര സേനയുടെ 160 സംഘങ്ങൾക്ക് പുറമെ 76,000 പോലീസ് ഉദ്യോഗസ്ഥരെ സുരക്ഷാ ക്രമീകരണങ്ങൾക്കായി വിന്യസിച്ചിട്ടുണ്ട്. വോട്ടെടുപ്പ് പൂർത്തിയാകും വരെ സംസ്ഥാനത്ത് മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മാസം 29 വരെ

എക്സിറ്റ് പോളിനും വിലക്കുണ്ട്. വോട്ടെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നാളെ പൊതു അവധി നൽകിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കടക്കം വേതനത്തോട് കൂടിയ അവധി ബാധകമാണ്.

**ന്യൂസ് ഡെസ്ക്, ആകാശവാണി.**

&&&&&&&&&&&&&&&&&

## GOVERNOR – ELECTION

സ്വതന്ത്രവും നിർഭയവുമായി വോട്ടു രേഖപ്പെടുത്തി ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകണമെന്ന് ഗവർണർ രാജേന്ദ്ര് വിശ്വനാഥ് ആർലേക്കർ. ഓരോ വോട്ടും ജനാധിപത്യം ശക്തിപ്പെടുത്തുന്നതിൽ ഏറെ പ്രധാനമാണെന്നും അതിനാൽ എല്ലാവരും വോട്ടവകാശം വിനിയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## ELECTION GENERAL (INTRO)

പ്രചാരണ കാലാവധി അവസാനിച്ച ശേഷവും ഓൺലൈൻ വഴി തെരഞ്ഞെടുപ്പു പരസ്യങ്ങൾ നൽകുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

&&&&&&&&&&&&&&&&&

## ELECTION PHONE

പോളിങ് ബൂത്തിനുള്ളിൽ മൊബൈൽ ഫോൺ അനുവദിക്കില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതും സുരക്ഷാ സംവിധാനങ്ങളും കണക്കിലെടുത്താണ് നടപടി. മൊബൈൽ

ഫോൺ സൂക്ഷിക്കുന്നതിനായി ബൂത്തുകളിൽ ഹരിത മൊബൈൽ പൗച്ചുകളും ഏർപ്പെടുത്തും.

&&&&&&&&&&&&&&&&&

## POLLING AGENT

വോട്ടെടുപ്പിന് പോളിംഗ് ഏജൻറുമാരുടെ ഇരിപ്പിട ക്രമീകരണം സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ പോളിംഗ് ബൂത്തുകളിൽ ഇരിക്കാൻ അനുവദിക്കില്ലെന്ന് അവകാശപ്പെടുന്ന ചില വാർത്തകൾ പ്രചരിച്ചതിനെ തുടർന്നാണ് വിശദീകരണം. പോളിംഗ് ഏജൻറുമാരെ സംബന്ധിച്ച നിലവിലുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും മാറ്റമില്ലാതെ തുടരുമെന്നും കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&

## CEO – SOBHA SURENDRAN

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് മണ്ഡലത്തിൽ വോട്ടർമാർക്ക് പണം വിതരണം ചെയ്തെന്ന പരാതിയിൽ ഫ്ളൈയിംഗ് സ്ക്വാഡ് അന്വേഷണം നടത്തി, ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ. ജനപ്രാതിനിധ്യ നിയമത്തിന്റെയും പെരുമാറ്റച്ചട്ടത്തിന്റെയും ലംഘനം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു. അതെസമയം, നിശബ്ദ പ്രചാരണ സമയത്ത് മാധ്യമങ്ങളിലൂടെ സംസാരിച്ചതിന് അടൂരിലെ യുഡിഎഫ് സ്ഥാനാർത്ഥി സി.വി ശാന്തകുമാറിനും, എൽഡിഎഫ് സ്ഥാനാർത്ഥി പ്രിജി കണ്ണനുമെതിരെ കേസെടുക്കാൻ പത്തനംതിട്ട ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&

## ELECTION OTHER STATES

കേരളത്തിന് പുറമേ, നാളെ വോട്ടെടുപ്പ് നടക്കുന്ന പുതുച്ചേരിയിലും, അസമിലും ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. അസമിലെ 126 മണ്ഡലങ്ങളിലേക്കും, പുതുച്ചേരിയിലെ 30 മണ്ഡലങ്ങളിലേക്കുമാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. കേരളമടക്കം നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണൽ മെയ് നാലിനാണ്.

&&&&&&&&&&&&&&&&&&

## PUTHUCHERY ELECTION (INTRO)

പുതുച്ചേരി, കാരയ്ക്കൽ, മാഹി, യാനം എന്നിവിടങ്ങളിലായി സ്ഥിതി ചെയ്യുന്ന 30 നിയമസഭ മണ്ഡലങ്ങളിലേക്കാണ് നാളെ തിരഞ്ഞെടുപ്പ് നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി പുതുച്ചേരിയിൽ നിന്ന് ആകാശവാണി ലേഖകൻ ബിബിൻ എസ്. നാഥ്....**

(വോയിസ്)

&&&&&&&&&&&&&&&&&&

## RBI MONETARY POLICY

അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ ദ്വൈമാസ ധനനയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് 5.25 ശതമാനമായി തുടരും. വായ്പ-പലിശ നിരക്കുകളിൽ മാറ്റമുണ്ടാകില്ല. നടപ്പു സാമ്പത്തിക വർഷം 6.9 ശതമാനം ജിഡിപി പ്രതീക്ഷിക്കുന്നതായി ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധി, എൽ നിനോ പ്രതിഭാസം എന്നിവ പണപ്പെരുപ്പം ഉയരാൻ കാരണമായേക്കുമെന്ന ആശങ്കയും അദ്ദേഹം പങ്കുവച്ചു.

&&&&&&&&&&&&&&&&&&

## JAISHANKAR-VISIT

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിൻറെ മൗറീഷ്യസ്-യുഎഇ സന്ദർശനത്തിന് നാളെ തുടക്കം. സന്ദർശനത്തിൻറെ ആദ്യപാദത്തിൽ, മൗറീഷ്യസിൽ നടക്കുന്ന 9-ാമത് ഇന്ത്യൻ മഹാസമുദ്ര സമ്മേളനത്തിൽ അദ്ദേഹം മുഖ്യ പ്രഭാഷണം നടത്തും. മൗറീഷ്യസിൻറെ നേതൃത്വവുമായി കൂടിക്കാഴ്ച നടത്തുന്ന അദ്ദേഹം, ഇന്ത്യാ-മൗറീഷ്യസ് ഉഭയകക്ഷി ബന്ധം സംബന്ധിച്ച് ചർച്ച ചെയ്യും. ഈ മാസം 11,12 തീയതികളിലാണ് വിദേശകാര്യ മന്ത്രിയുടെ യുഎഇ സന്ദർശനം.

&&&&&&&&&&&&&&&&&

## REV. KARNATAKA-ISRO (INTRO)

ഗഗൻയാൻ ദൗത്യവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണെന്ന് ഐഎസ്ആർഒ ചെയർമാൻ വി.നാരായണൻ. smart and sustainable space mission management ബെംഗളൂരുവിൽ, സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

&&&&&&&&&&&&&&&&&

## MEA CEASEFIRE REAX

അമേരിക്കയും ഇറാനും തമ്മിലുള്ള രണ്ടാഴ്ചത്തെ വെടിനിർത്തൽ പ്രഖ്യാപനം സ്വാഗതം ചെയ്ത് ഇന്ത്യ. ഈ വെടിനിർത്തൽ പശ്ചിമേഷ്യയിൽ ശാശ്വത സമാധാനത്തിനും, ഹോർമുസ് കടലിടുക്കിലൂടെയുള്ള തടസ്സമില്ലാത്ത കപ്പൽ ഗതാഗതത്തിനും സുഗമമായ ആഗോള വാണിജ്യത്തിനും വഴിയൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രത്യാശ പ്രകടിപ്പിച്ചു. വെടിനിർത്തൽ പ്രഖ്യാപനത്തെ ഇന്തോനേഷ്യയും സ്വാഗതം ചെയ്തു.

&&&&&&&&&&&&&&&&&

## CRUDE OIL – SENSEX – GOLD

വെടിനിർത്തൽ പ്രഖ്യാപനത്തിന് പിന്നാലെ ആഗോള എണ്ണവില കുത്തനെ ഇടിഞ്ഞു. ബ്രെൻറ് ക്രൂഡ് വില 15.1 ശതമാനം ഇടിഞ്ഞ് ബാരലിന് 92.79 യുഎസ് ഡോളറിലെത്തി. രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. സെൻസെക്സ് 2,946 പോയിന്റ് ഉയർന്ന് 77,563 ലും നിഫ്റ്റി 874 പോയിന്റ് ഉയർന്ന് 23,997ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില പവന് 2,920 രൂപ വർധിച്ച് ഒരു ലക്ഷത്തി 12,800 രൂപയും ഗ്രാമിന് 14,100 രൂപയുമായി.

&&&&&&&&&&&&&&&&&

## REV- IRAN ADVISORY

ഇറാനിലെ സാഹചര്യം കണക്കിലെടുത്ത്, നിലവിൽ ഇറാനിലുള്ള ഇന്ത്യൻ പൗരന്മാർ താമസിയാതെ ഇറാൻ വിടണമെന്ന് ഇന്ത്യൻ എംബസി. എംബസി നിർദ്ദേശിക്കുന്ന വഴികളിലൂടെ ഇറാനിൽ നിന്ന് പുറത്തുകടക്കാനാണ് എംബസിയുടെ ഉപദേശം. എംബസിയുടെ അനുമതിയില്ലാതെ ഒരു അന്താരാഷ്ട്ര കര അതിർത്തി യിലേക്കും പോകരുതെന്നും നിർദേശത്തിൽ പറയുന്നു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&